## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1630** **08/06/2018-ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടിയിൽ ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് നാടൻ പച്ചക്കറികൾ എന്ന ലേബലിലും സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനത്തെ കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ച് മറുനാടൻ പച്ചക്കറികൾ എന്ന ലേബലിലും വിതരണം നടത്തിവരുന്നു. ഉപഭോക്താക്കൾക്ക് പച്ചക്കറികൾ യഥേഷ്ടം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം എല്ലാ സ്വന്തം സ്റ്റാളുകളിലും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർക്ക് പൊതു വിപണിയിലെ വിലയെക്കാൾ വില കൂടുതൽ നൽകി പച്ചക്കറികൾ സംഭരിച്ച് കമ്പോള വിലയെക്കാൾ 10% മുതൽ 20% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിനു പുറമെ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തുകയും പൊതുവിപണി വിലയെക്കാൾ 30% വില കുറച്ച് ഉപഭോക്താക്കൾക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറികൾ പരമാവധി കേടുകൂടാതെ വിപണനം നടത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ |

(contd....2.)

സ്വന്തം സ്റ്റാളുകൾ ശീതീകരിച്ചു. എറണാകുളം, തൃശ്ശൂർ (ചാലക്കുടി) സ്റ്റാളുകൾ ശീതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പച്ചക്കറികൾ യഥാസമയം എല്ലാ സ്റ്റാളുകളിലും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. 100 ഓൺസ്റ്റാൾ വഴിയും, 270 ലൈസൻസികൾ വഴിയും പച്ചക്കറികൾ വിപണനം നടത്തുന്നുണ്ട്. ഏകദേശം 500-ഓളം സ്ഥാപനങ്ങൾക്കും പച്ചക്കറി നൽകുന്നത് ഹോർട്ടികോർപ്പാണ്.

**(ബി)** ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(ബി)** ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആരംഭിച്ച ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ലൈസൻസി സ്റ്റാളുകളുടെ എണ്ണം | സ്വന്തം സ്റ്റാളുകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 22 | 2 |
| 2. | കൊല്ലം | 13 | 3 |
| 3. | ആലപ്പുഴ | 16 | 1 |
| 4. | പത്തനംതിട്ട | 6 | - |
| 5. | കോഴിക്കോട് | 10 | 3 |
| 6. | തൃശ്ശൂർ | 12 | 4 |
| 7. | ഇടുക്കി | - | 1 |
| 8. | മലപ്പുറം | 3 | 2 |
| 9. | പാലക്കാട് | 2 | - |
| 10. | എറണാകുളം | 3 | 1 |
| 11. | കണ്ണൂർ | 13 | 1 |
| 12. | കോട്ടയം | 18 | - |

(contd....3.)

**(സി)** താലൂക്കാസ്ഥാനം എന്ന നിലയിൽ കൊണ്ടോട്ടിയിൽ ഹോർട്ടികോർപ്പിന്റെ ഒരു ഔട്ട് ലെറ്റ് തുടങ്ങുന്നതിനെ കുറിച്ച് പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**(സി)** മലപ്പുറം ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിച്ചിട്ട് ഒരു വർഷം ആകുന്നതേയുള്ളൂ. ഇതിനകം എടവണ്ണ, വണ്ടൂർ എന്നിവിടങ്ങളിൽ 2 സ്വന്തം സ്റ്റാളുകളും, നിലമ്പൂർ, കരുലായിൽ, ചെമ്മാട് എന്നിവിടങ്ങളിലായി ലൈസൻസി സ്റ്റാളും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തളിയൻകണ്ട് (പാത്തൂർ), മലപ്പുറം ടൗൺ, പെരിന്തൽമണ്ണ, അമ്പലപ്പടി, വേങ്ങര എന്നിവിടങ്ങളിൽ സ്വന്തം സ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. താലൂക്ക് ആസ്ഥാനങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കൊണ്ടോട്ടിയിൽ ഔട്ട് ലെറ്റ് ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**